# കരിയർ ജാലകം

കേരള സർക്കാരിന്റെ കീഴിലുള്ള എംപ്ലോയ്മെന്റ് വകുപ്പിലെ വൊക്കേഷണൽ ഗൈഡൻസ് വിഭാഗം
സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ
സഹകരണത്തോടെ വിവിധ തലത്തിലുള്ള കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ലക്ഷ്യമാക്കി തയ്യാറാക്കിയ പ്രസിദ്ധീകരണം

## പത്താം ക്ലാസ്സിനു ശേഷം പഠിക്കാവുന്ന വിവിധ കോഴ്സുകൾ



കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം
തയ്യാറാക്കിയിരിക്കുന്ന ഈ ലഘുലേഖയിൽ
പത്താം ക്ലാസ്സിനു ശേഷം പഠിക്കാൻ പറ്റിയ വിവിധ കോഴ്സുകളെ കുറിച്ചും
ലഭ്യമായ തൊഴിലവസരങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ചേർത്തിരിക്കുന്നു.

KASE
KERALA ACADEMY FOR SKILLS EXCELLENCE
Skill Development Mission of Government of Kerala

NATIONAL EMPLOYMENT SERVICES
FOR EMPLOYERS AND EMPLOYMENT SEEKERS

# പത്താം ക്ലാസ്സിനു ശേഷം പഠിക്കാവുന്ന വിവിധ കോഴ്സുകൾ

| | |
|---|---|
| തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | വിനോദ സഞ്ചാരം |
| സയൻസ് | സഹകരണ പഠനം |
| കൊമേഴ്സ് | സെക്രട്ടേറിയൽ പ്രാക്ടീസ് |
| ഹ്യുമാനിറ്റീസ് | ഫാഷൻ ടെക്നോളജി |
| സാങ്കേതിക വിദ്യാഭ്യാസം | ആയുർവേദ, ഹോമിയോ ഫാർമസി |
| വ്യാവസായിക പരിശീലനം | ലൈബ്രറി സയൻസ് |
| ഹോസ്പിറ്റാലിറ്റി | ടൈപ്പ് റൈറ്റിംഗ്, സ്റ്റെനോഗ്രാഫി |

## ഹയർസെക്കണ്ടറി പഠനം

**കേരളത്തിൽ ഹയർസെക്കണ്ടറി പഠനത്തിന് സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ മൂന്ന് ഗ്രൂപ്പുകളിലായി 45 വിഷയങ്ങളുടെ കോമ്പിനേഷൻ ലഭ്യമാണ്. എൻജിനിയറിംഗ് വിഷയങ്ങൾ പഠിക്കുവാൻ ആഗ്രഹിക്കുന്നവർ കണക്ക് ഒരു വിഷയമായുള്ള സയൻസ് ഗ്രൂപ്പ് തിരഞ്ഞെടുക്കേണ്ടതാണ്. മെഡിക്കൽ, പാരാമെഡിക്കൽ പഠന ശാഖകളിൽ ഉന്നത പഠനം ആഗ്രഹിക്കുന്നവർ ബയോളജി ഉൾപ്പെടുന്ന സയൻസ് ഗ്രൂപ്പ് പഠിക്കേണ്ടതുണ്ട്. ബിരുദ തലത്തിൽ സയൻസ് വിഷയങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്നവരും സയൻസ് ഗ്രൂപ്പ് തന്നെ പഠിക്കേണ്ടതാണ്. കോമേഴ്സ്, ഹ്യുമാനിറ്റീസ്, സയൻസ് ഗ്രൂപ്പുകൾ പഠിക്കുന്നവർക്ക് ബിരുദതലത്തിൽ ലിറ്ററേച്ചർ, ആർട്സ്, കൊമേഴ്സ് ശാഖകളിലെ വിവിധ വിഷയങ്ങൾ എടുത്ത് ഉപരിപഠനം നടത്തുവാൻ സാധിക്കുന്നതാണ്.**

### സയൻസ് ഗ്രൂപ്പ്

ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളുടെ കൂടെ ബയോളജി & മാത്സ്, ബയോളജി & ഹോംസയൻസ്, മാത്സ് & ഹോംസയൻസ്, ജിയോളജി & മാത്സ്, കമ്പ്യൂട്ടർ സയൻസ് & മാത്സ്, ഇലക്ട്രോണിക്സ് & മാത്സ്, കമ്പ്യൂട്ടർ സയൻസ് & ജിയോളജി, മാത്സ് & സ്റ്റാറ്റിസ്റ്റിക്സ്, ബയോളജി & സൈക്കോളജി എന്നിവയിൽ ഏതെങ്കിലും ചേർന്നുള്ള 9 സബ്ജക്ട് കോമ്പിനേഷനുകളാണ് സയൻസ് ഗ്രൂപ്പിലുള്ളത്.

### കൊമേഴ്സ് ഗ്രൂപ്പ്

ഈ ഗ്രൂപ്പിൽ

(1) ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, കണക്ക്

(2) ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, അക്കൗണ്ടൻസി, സ്റ്റാറ്റിസ്റ്റിക്സ്

(3) ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്

(4) ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

എന്നീ 4 കോമ്പിനേഷനുകൾ ലഭ്യമാണ്.

### ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്

പൊളിറ്റിക്കൽ സയൻസ്, ജ്യോഗ്രഫി, സോഷ്യോളജി, ജിയോളജി, മ്യൂസിക്, ഗാന്ധിയൻ സ്റ്റഡീസ്, ഫിലോസഫി, സോഷ്യൽവർക്ക്, ഇസ്ലാമിക്ക് ഹിസ്റ്ററി, സൈക്കോളജി, ആന്ത്രോപ്പോളജി, മലയാളം, ഹിന്ദി, അറബിക്, ഉർദു, കന്നട, തമിഴ്, സംസ്കൃതം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ജേർണലിസം, ഇംഗ്ലീഷ് സാഹിത്യം എന്നിവയിൽ നാല് വിഷയങ്ങൾ വീതം ഉൾപ്പെടുന്ന 31 സബ്ജക്ട് കോമ്പിനേഷനുകൾ ഉണ്ട്.

വെബ്സൈറ്റ് : www.hse.kerala.gov.in

## വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകൾ (VHSE)

**പത്താം ക്ലാസ്സിനു ശേഷമുള്ള തൊഴിലധിഷ്ഠിത പഠനത്തിന് ഈ കോഴ്സുകൾ തെരഞ്ഞെടുക്കാം. ഹയർസെക്കണ്ടറി കോഴ്സിന് തുല്യമായി 2 വർഷം ദൈർഘ്യമുള്ള ഈ കോഴ്സുകളിൽ പ്രായോഗിക പഠനത്തിന് പ്രാധാന്യം നല്കിയിരിക്കുന്നു. എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ, ഹെൽത്ത്കെയർ, ആനിമൽ ഹസ്ബൻഡറി, ഫിഷറീസ്, ഹോംസയൻസ്, ബിസിനസ് കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ വിഭാഗങ്ങളിൽ എട്ട് ബ്രാഞ്ചുകളിലായി 35 കോഴ്സുകൾ ഉണ്ട്. വി.എച്ച്.എസ്.ഇ. കോഴ്സുകൾ പാസ്സാകുന്ന ഉദ്യോഗാർത്ഥികൾക്ക് പോളിടെക്നിക് അഡ്മിഷന് 2% സീറ്റ് സംവരണം ചെയ്തിരിക്കുന്നു.**

### എഞ്ചിനിയറിംഗ്

1. അഗ്രോ മെഷിനറി ആന്റ് പവ്വർ എഞ്ചിനിയറിംഗ്
2. സിവിൽ കൺസ്ട്രക്ഷൻ ടെക്നോളജി
3. കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി
4. ഓട്ടോമൊബൈൽ ടെക്നോളജി
5. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ടെക്നോളജി
6. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി
7. ഗ്രാഫിക് ഡിസൈൻ ആന്റ് പ്രിന്റിംഗ് ടെക്നോളജി
8. റെഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്
9. പോളിമർ ടെക്നോളജി
10. ടെക്സ്റ്റൈൽ ടെക്നോളജി

### അഗ്രികൾച്ചർ

1. അഗ്രികൾച്ചർ - ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്
2. അഗ്രികൾച്ചർ സയൻസ് ആന്റ് പ്രോസസിംഗ് ടെക്നോളജി
3. അഗ്രികൾച്ചർ ബിസിനസ് ആന്റ് ഫാം സർവ്വീസസ്

### അലൈഡ് ഹെൽത്ത് കെയർ

1. മെഡിക്കൽ ലബോറട്ടറി ടെക്നോളജി
2. ഇ.സി.ജി ആന്റ് ഓഡിയോ മെട്രിക് ടെക്നോളജി
3. ബേസിക് നേഴ്സിംഗ് ആന്റ് പാലിയേറ്റീവ് കെയർ
4. ഡെന്റൽ ടെക്നോളജി

### ആനിമൽ ഹസ്ബൻഡറി

1. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്
2. ഡയറി ടെക്നോളജി

### ഫിഷറീസ്

1. മറൈൻ ഫിഷറീസ് ആന്റ് സീ ഫുഡ്പ്രോസസിംഗ്
2. അക്വാകൾച്ചർ
3. മറൈൻ ടെക്നോളജി

### ഹോം സയൻസ്

1. കോസ്മെറ്റോളജി ആന്റ് ബ്യൂട്ടി തെറാപ്പി
2. ഫാഷൻ ആന്റ് അപ്പാരൽ ഡിസൈനിംഗ്
3. ക്രെഷ് ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ്

### ഹ്യുമാനിറ്റീസ്

1. ട്രാവൽ ആന്റ് ടൂറിസം

### ബിസിനസ് & കൊമേഴ്സ്

1. അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ
2. കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ്
3. ബാങ്കിംഗ് ആന്റ് ഇൻഷുറൻസ് സർവ്വീസസ്
4. മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ്
5. കമ്പ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെന്റ്
6. ഫുഡ് ആന്റ് റെസ്റ്ററന്റ് മാനേജ്മെന്റ്

വെബ്സൈറ്റ് : www.vhse.kerala.gov.in

## ഐ. റ്റി. ഐ. കോഴ്സുകൾ

**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തുന്ന 1 വർഷ/ 2 വർഷ കോഴ്സുകൾ ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളവയാണ്. എൻ.സി.വി.റ്റി അംഗീകാരമുള്ള കോഴ്സുകൾക്ക് ഇൻഡ്യൻ റെയിൽവേ, ഐ.എസ്.ആർ.ഓ തുടങ്ങിയ സ്ഥാപനങ്ങളിലും സ്വദേശത്തും വിദേശത്തും ധാരാളം അവസരങ്ങളുണ്ട്. കൂടാതെ സ്വന്തമായി തൊഴിൽ ചെയ്യുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാധിക്കും. കോഴ്സിന് ശേഷം ഒരു വർഷത്തെ അപ്രന്റീസ് പരിശീലനം പൂർത്തിയാക്കി എൻ.എ.സി പരീക്ഷ പാസ്സാകുന്നവർക്ക് പരിശീലന കാലം ജോലി പരിചയമായി കണക്കാക്കും. എൻ.സി.വി.റ്റി കോഴ്സുകൾക്ക് തുല്യമായി സംസ്ഥാന സർക്കാർ അംഗീകരിച്ച എസ്.സി.വി.റ്റി കോഴ്സുകളും ഉണ്ട്. ഇവ ജയിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഒഴിവുകളിലേക്ക് അപേക്ഷിക്കുവാൻ കഴിയും. ഐ.ടി.ഐ.യോഗ്യതയുള്ളവർക്ക് പോളിടെക്നിക് അഡ്മിഷനിൽ 5% സീറ്റ് സംവരണമുണ്ട്.**

### എൻ.സി.വി.റ്റി ട്രേഡുകൾ

**നോൺ മെട്രിക് ട്രേഡുകൾ (എൻജിനീയറിംഗ്)**

- വയർമാൻ (2 വർഷം)
- സ്യൂയിംഗ് ടെക്നോളജി (1 വർഷം)
- വെൽഡർ (പൈപ്പ്) (1 വർഷം)
- വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ) (1 വർഷം)
- വെൽഡർ (GMAW & GTAW)
- ഷീറ്റ് മെറ്റൽ വർക്കർ (1 വർഷം)

**മെട്രിക് ട്രേഡുകൾ (എൻജിനീയറിംഗ്)**

- മെക്കാനിക്ക് ട്രാക്ടർ
- മെക്കാനിക് ഡീസൽ
- ടർണർ
- മെഷിനിസ്റ്റ്
- ഫിറ്റർ
- ഡ്രാഫ്റ്റ്സ്മാൻ സിവിൽ
- ഇലക്ട്രോപ്ലേറ്റർ
- ഇലക്ട്രീഷ്യൻ
- മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്
- ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ
- ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ
- ഇൻസ്ട്രുമെന്റ് മെക്കാനിക്ക്
- മെക്കാനിക് മോട്ടോർ വെഹിക്കിൾ
- മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷിനറി
- ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ്
- മെയിന്റനൻസ് മെക്കാനിക്ക് (കെമിക്കൽ പ്ലാന്റ്)
- ഇൻസ്ട്രുമെന്റ് മെക്കാനിക്ക് (കെമിക്കൽ പ്ലാന്റ്)
- ലബോറട്ടറി അസിസ്റ്റന്റ് (കെമിക്കൽ പ്ലാന്റ്)
- അറ്റൻഡന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്)
- പെയിന്റർ (ജനറൽ)
- സർവ്വേയർ
- പ്ലംബർ
- വെൽഡർ
- കാർപ്പെന്റർ
- ഇലക്ട്രോണിക്സ് മെക്കാനിക്ക്
- മെക്കാനിക് റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്
- ടെക്നീഷ്യൻ പവ്വർ ഇലക്ട്രോണിക്സ് സിസ്റ്റംസ്
- മെക്കാനിക്ക് മെഷീൻ ടൂൾ മെയിന്റനൻസ്
- ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്
- പ്ലാസ്റ്റിക് പ്രോസ്സസിംഗ് ഓപ്പറേറ്റർ

**മെട്രിക് ട്രേഡുകൾ (നോൺ എൻജിനീയറിംഗ്)**

- ഫുഡ് & ബിവറേജസ് സർവ്വീസ് അസിസ്റ്റന്റ്
- ഫുഡ് പ്രൊഡക്ഷൻ
- ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ്
- ഡിജിറ്റൽ ഫോട്ടോഗ്രാഫർ
- ഫാഷൻ ഡിസൈനിംഗ് & ടെക്നോളജി
- ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്
- കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്
- ഡസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ
- ബേക്കർ & കൺഫക്ഷണർ
- സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്)
- സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്)
- കാറ്ററിംഗ് & ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്
- മൾട്ടിമീഡിയ, ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ്
- കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്ക് മെയിന്റനൻസ്
- ഫ്രൂട്ട്സ് & വെജിറ്റബിൾസ് പ്രോസസിംഗ്
- ഫുഡ് & ബിവറേജ്
- അഗ്രോ പ്രോസസ്സിംഗ് മിൽക്ക് & മിൽക്ക് പ്രൊഡക്റ്റ് ടെക്നീഷ്യൻ
- അസിസ്റ്റന്റ് ടൂറിസ്റ്റ് ഗൈഡ്
- ബേസിക് കോസ്മറ്റോളജി
- സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഹിന്ദി)

വെബ്സൈറ്റ് : www.det.kerala.gov.in

## പോളിടെക്നിക്ക് ഡിപ്ലോമ

**എൻജിനീയറിംഗ് വിഷയത്തിൽ മൂന്ന് വർഷത്തെ പോളിടെക്നിക്ക് ഡിപ്ലോമ നേടുന്നവർക്ക് കമ്പനികളിലും വ്യവസായ സ്ഥാപനങ്ങളിലും മിഡിൽ മാനേജ്മെന്റ് രംഗത്ത് തൊഴിൽ അവസരങ്ങൾ ലഭിക്കും. തൊഴിൽ പരിചയത്തിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വേതനമുള്ള ഉയർന്ന തലത്തിലേക്ക് എത്തുവാൻ വളരെ സാധ്യതകളാണുള്ളത്. 20 ഓളം ബ്രാഞ്ചുകളിലായി 15000 – ൽ അധികം സീറ്റുകളുള്ള 51 ഗവ:/ എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളും 24 സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളും കേരളത്തിൽ ഉണ്ട്. ഡിപ്ലോമ നേടുന്നവർക്ക് എൻജിനിയറിംഗ് കോഴ്സുകൾക്ക് ലാറ്ററൽ എൻട്രി വഴി നേരിട്ടുള്ള പ്രവേശനത്തിന് അവസരവും ഉണ്ട്. ഇപ്രകാരം പ്ലസ്സ്ടുവിന് കണക്ക് പഠിക്കുവാൻ കഴിയാത്തവർക്ക് എൻജിനിയറിംഗിന് പഠിക്കുവാനും സാധിക്കും.**

വെബ്സൈറ്റ് : www.www.polyadmission.org, www.dtekerala.gov.in

### ഡിപ്ലോമ പ്രോഗ്രാമുകൾ

- സിവിൽ
- മെക്കാനിക്കൽ
- കമ്പ്യൂട്ടർ
- ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്
- ടെക്സ്റ്റൈൽ ടെക്നോളജി
- ഇലക്ട്രോണിക്സ്
- ഇൻസ്ട്രുമെന്റേഷൻ
- ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ
- ഓട്ടോമൊബൈൽ
- ആർക്കിടെക്ചർ
- ബയോമെഡിക്കൽ
- പോളിമെർ ടെക്നോളജി
- ഇൻഫർമേഷൻ ടെക്നോളജി
- കെമിക്കൽ
- ടൂൾ & ഡൈമേക്കിംഗ്
- പ്രിന്റിംഗ് ടെക്നോളജി
- വുഡ് & പേപ്പർ ടെക്നോളജി
- കൊമേഴ്സ്യൽ പ്രാക്ടീസ്
- കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്
- കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ്

## ഓപ്പൺ സ്കൂൾ

**കേന്ദ്ര ഗവൺമെന്റ് മാനവശേഷി വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് വഴി 15 വയസ്സ് തികഞ്ഞവർക്ക് സീനിയർ സെക്കണ്ടറി കോഴ്സുകൾക്ക് ചേരാം. രാജ്യത്താകമാനമുള്ള സ്റ്റഡി സെന്ററുകൾ വഴി പഠിക്കാവുന്ന ഈ കോഴ്സിന് വർഷത്തിൽ 2 പ്രാവശ്യം പരീക്ഷയെഴുതാം. താഴെ പറയുന്ന 6 ഗ്രൂപ്പുകളിലായി ഇരുപത്തിയഞ്ചോളം വിഷയങ്ങൾ ഉണ്ട് .**

**ഗ്രൂപ്പ് എ**

ഹിന്ദി ,ഇംഗ്ലീഷ്

**ഗ്രൂപ്പ് ബി**

മാത്സ്, ഹോം സയൻസ്, സൈക്കോളജി, ജ്യോഗ്രഫി, ഇക്കണോമിക്സ്, ബിസിനസ് സ്റ്റഡീസ്, പെയിന്റിംഗ്, ഡാറ്റാ എൻട്രി, ടൂറിസം

**ഗ്രൂപ്പ് സി**

ഫിസിക്സ് , ഹിസ്റ്ററി, ലൈബ്രറി സയൻസ്

**ഗ്രൂപ്പ് ഡി**

കെമിസ്ട്രി, പൊളിറ്റിക്കൽ സയൻസ്, മാസ് കമ്മ്യൂണിക്കേഷൻ,

**ഗ്രൂപ്പ് ഇ**

ബയോളജി, അക്കൗണ്ടൻസി, നിയമം

**ഗ്രൂപ്പ് എഫ്**

കമ്പ്യൂട്ടർ സയൻസ്, സോഷ്യോളജി, എൻവയൺമെൻറ് സയൻസ്

ആകെ അഞ്ച് പേപ്പറുകൾ ഉള്ളതിൽ ഗ്രൂപ്പ് എ യിൽ നിന്നും ഒന്നോ രണ്ടോ ഭാഷകളും ഗ്രൂപ്പ് ബി മുതൽ എഫ് വരെ ഉള്ളതിൽ നിന്ന് ബാക്കി വിഷയങ്ങളും (ഒരു ഗ്രൂപ്പിൽ നിന്ന് ഒന്ന് വീതം) തെരഞ്ഞെടുക്കാം. ഉന്നത പഠനം ആഗ്രഹിക്കുന്നവർ അതിന് ഉതകുന്ന രീതിയിലുള്ള സബ്ജക്ട് കോമ്പിനേഷനുകൾ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ യൂണിവേഴ്സിറ്റി/ബോർഡ് അംഗീകാരം ഈ സർട്ടിഫിക്കറ്റുകൾക്കുണ്ട്.

വെബ്സൈറ്റ് : www.nios.ac.in

## ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ

### ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

മികച്ച പഠനവും മികവുറ്റ പരിശീലന സൗകര്യവും ഒരുക്കുന്ന ഈ സർട്ടിഫിക്കറ്റ് കോഴ്സുകൾ 9 മാസത്തെ പഠനവും 3 മാസത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗും ഉൾപ്പെടെ 1 വർഷം ദൈർഘ്യമുള്ളവയാണ്. വിനോദ സഞ്ചാര മേഖലയിൽ ഹോട്ടലുകൾ, ക്രൂയിസ് ഷിപ്പുകൾ, എയർലൈൻ കാറ്ററിംഗ് തുടങ്ങി സ്വദേശത്തും വിദേശത്തും ധാരാളം തൊഴിൽ സാധ്യതയുള്ള ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആൻഡ് ബിവറേജസ് സർവീസ്, ഫുഡ് പ്രൊഡക്ഷൻ, ബേക്കറി ആൻഡ് കൺഫക്ഷനറി, ഹോട്ടൽ അക്കൊമഡേഷൻ ഓപ്പറേഷൻ, കാനിംഗ് ആൻഡ് ഫുഡ് പ്രിസർവ്വേഷൻ, എന്നീ കോഴ്സുകൾ തിരുവനന്തപുരം കൊല്ലം, കോട്ടയം, തൊടുപുഴ, ചേർത്തല, കളമശ്ശേരി, തൃശ്ശൂർ, പെരിന്തൽമണ്ണ, തിരൂർ, കോഴിക്കോട്, കണ്ണൂർ, ഉദുമ സെൻററുകളിൽ നടക്കുന്നു.

വെബ് സൈറ്റ്: www.fcikerala.org

### ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ്

ടൈപ്പ് റൈറ്റിംഗും സ്റ്റെനോഗ്രഫിയും പഠനവിഷയമായി 2 വർഷ ഡിപ്ലോമ കോഴ്സും കേരളത്തിലെ 17 ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിപ്പിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന ഡിപ്ലോമ നേടുന്നവർക്ക് മികച്ച അവസരങ്ങളുണ്ട്. ഗവൺമെന്റ് മേഖലയിലെ ഒഴിവുകൾക്ക് പ്ലസ് ടു യോഗ്യതയും കൂടി ആവശ്യമായി വരും.

വെബ് സൈറ്റ്: www.dtekerala.gov.in

### ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി

കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ടെക്നിക്കൽ ഹൈസ്കൂളുകൾ, പോളിടെക്നിക് കോളേജുകൾ ഉൾപ്പെടെ 20 കേന്ദ്രങ്ങളിൽ 2 വർഷം ദൈർഘ്യമുള്ള ഈ കോഴ്സുകൾ നടത്തുന്നു. സ്വന്തമായി തൊഴിൽ കണ്ടെത്താനും സംരംഭങ്ങൾ തുടങ്ങുവാനുമുള്ള സാദ്ധ്യതകൾ ഈ ഡിപ്ലോമയെ കൂടുതൽ ആകർഷകമാക്കുന്നു.

വെബ് സൈറ്റ്: www.dtekerala.gov.in

### ജൂനിയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ (ജെ.ഡി.സി)

സഹകരണ ബാങ്കുകളിലും സംഘങ്ങളിലും ജോലി ലഭിക്കുവാൻ അവശ്യം വേണ്ട യോഗ്യതയാണ് 10 മാസം ദൈർഘ്യമുള്ള ജെ.ഡി.സി കോഴ്സ്. സംസ്ഥാന സഹകരണ യൂണിയൻ തിരുവനന്തപുരം, കൊട്ടാരക്കര, കോട്ടയം, നെടുംകണ്ടം, ചേർത്തല, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോഡ് എന്നിവിടങ്ങളിലെ സഹകരണ പരിശീലന കേന്ദ്രങ്ങളിലും ആറന്മുള, പാലാ, നോർത്ത് പറവൂർ, തിരൂർ എന്നീ സഹകരണ പരിശീലന കോളജുകളിലും ഈ കോഴ്സ് നടത്തി വരുന്നു.

ഫോൺ : 0471 - 2320420

### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ്

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടത്തുന്ന 6 മാസത്തെ ഈ സർട്ടിഫിക്കറ്റ് കോഴ്സ്, ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയുടെ അംഗീകൃത യോഗ്യതയാണ്. 41 സീറ്റുകളുള്ള ഈ കോഴ്സിന് പത്താം ക്ലാസ് ജയിച്ചവർക്ക് അപേക്ഷിക്കാം.

വെബ് സൈറ്റ്: www.statelibrary.kerala.gov.in

### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ)

തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളജുകളിൽ നടക്കുന്ന ഒരു വർഷ കാലയളവിലുള്ള ഈ സർട്ടിഫിക്കറ്റ് കോഴ്സിന് ആകെ 100 സീറ്റുകൾ ആണുള്ളത്. എസ്.എസ്.എൽ.സിയുടെ ആകെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം.

വെബ് സൈറ്റ്: www.lbscentre.kerala.gov.in

### ആയുർവ്വേദ ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് & ആയുർവ്വേദ തെറാപ്പിസ്റ്റ് കോഴ്സ്

പത്താംക്ലാസ് യോഗ്യതയുള്ളവർക്കായി ഒരു വർഷം കാലയളവുള്ള ഈ സർട്ടിഫിക്കറ്റ് കോഴ്സുകൾ തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ നടത്തുന്നു.

വെബ് സൈറ്റ്: www.ayurveda.kerala.gov.in

### കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് കോഴ്സസ് ഇൻ എഞ്ചിനീയറിങ് (കെ.ജി.സി.ഇ)

സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഓട്ടോമൊബൈൽ, റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, റേഡിയോ & ടെലിവിഷൻ എഞ്ചിനീയറിംഗ് എന്നീ ശാഖകളിൽ 2 വർഷം കൊണ്ട് പൂർത്തിയാകുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. സ്വകാര്യ പരിശീലന കേന്ദ്രത്തിൽ പഠനം പൂർത്തിയാക്കി പരീക്ഷ എഴുതാം.

വെബ് സൈറ്റ്: www.dtekerala.gov.in

### കേരള ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കെ.ജി.ടി.ഇ)

ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് / മലയാളം / ഹിന്ദി (ലോവർ & ഹയർ), ഷോർട്ട് ഹാന്റ് ഇംഗ്ലീഷ്/മലയാളം (ലോവർ&ഹയർ), കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് ഇംഗ്ലീഷ്/മലയാളം (ലോവർ & ഹയർ) എന്നിവ ഒരു വർഷം കൊണ്ട് പഠനം പൂർത്തിയാക്കാവുന്ന ജോലിസാധ്യതയുള്ള കോഴ്സുകളാണ്. സ്വകാര്യ പഠന കേന്ദ്രത്തിൽ പഠിച്ച് പരീക്ഷ എഴുതിയാൽ മതിയാകും. ടൈപ്പ് റൈറ്റിംഗ് (ഇംഗ്ലീഷ് & മലയാളം) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് എന്നിവയോടൊപ്പം പ്ലസ് ടു യോഗ്യത കൂടി ഉണ്ടെങ്കിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയ്ക്ക് അപേക്ഷിക്കാം.

വെബ് സൈറ്റ്: www.dtekerala.gov.in

### 'ഇഗ്നോ' സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഇന്ത്യൻ പാർലമെന്റിന്റെ ആക്റ്റിനാൽ 1985 ൽ സ്ഥാപിതമായ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി പത്താം ക്ലാസ് യോഗ്യതയുള്ളവർക്കായി 6 മാസം ദൈർഘ്യമുള്ള വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്. എനർജി ടെക്നോളജി ആൻഡ് മാനേജ് മെന്റ്, തേനീച്ച വളർത്തൽ, ഹെൽത്ത് കെയർ, ഇൻഫർമേഷൻ ടെക്നോളജി , പെയിന്റിംഗ്, അപ്ലൈഡ് ആർട്സ്, പൗൾട്രി ഫാമിംഗ്, സെറികൾചർ, വാട്ടർ ഹാർവെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങൾ രാജ്യത്താകമാനമുള്ള സ്റ്റഡി സെന്ററുകളിൽ പഠിക്കാം.

വെബ്സൈറ്റ്: www.ignou.ac.in

### കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെൽ പോളിടെക്നിക് കോളേജ്

കേരളത്തിലെ വിവിധ പോളിടെക്നിക് കോളേജുകളിൽ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലുകൾ വഴി പത്താം ക്ലാസ്സ് യോഗ്യതയുള്ളവർക്ക് രണ്ട് മാസം മുതൽ ആറു മാസം വരെയുള്ള ഹ്രസ്വകാല കോഴ്സുകൾ പഠിക്കാവുന്നതാണ്.ഓട്ടോകാഡ്, കമ്പ്യൂട്ടർ ഹാർഡ്വെയർ & മെയിന്റനൻസ്, ഡി.ടി.പി, മൊബൈൽ ഫോൺ സർവ്വീസിംഗ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ കോഴ്സുകൾക്ക് തൊഴിൽ സാധ്യതകൾ ഏറെയാണ്. കൂടാതെ ഇൻഡസ്ട്രിയൽ ഫയർ സേഫ്റ്റി, ഓയിൽ ആൻറ് ഗ്യാസ് പ്ലാന്റ് ഓപ്പറേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഷിപ്പിംഗ് & ലോജിസ്റ്റിക്സ്, സിവിൽ കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ്, ഇന്റീരിയർ & ആർക്കിടെക്ച്ചറൽ ഡിസൈൻ, മെക്കാനിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, എന്റർപ്രൈസ് നെറ്റ്വർക്ക്, ഫൈബർ ഒപ്റ്റിക്സ് & ഡിജിറ്റൽ സെക്യൂരിറ്റി തുടങ്ങിയ വിഷയങ്ങളിൽ ഒരു വർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളും ഇവിടെ പഠിക്കാവുന്നതാണ്.

വെബ്സൈറ്റ് : www.cpt.ac.in

## പത്താംക്ലാസ് ജയിച്ചവർക്കുള്ള തൊഴിൽ അവസരങ്ങൾ

### ഇന്ത്യൻ ആർമി

- സോൾജിയർ (ജനറൽ ഡ്യൂട്ടി)
- സോൾജിയർ (ട്രേഡ്സ്മാൻ)

എന്നീ തസ്തികകളിൽ പത്താം ക്ലാസ് ജയിച്ചവർക്ക് അപേക്ഷിക്കാം.

പ്രായ പരിധി : 17 ½ - 21/23 വയസ്സ്

ഉയരം : 166 സെ.മീ.
മികച്ച ശാരീരിക ക്ഷമത

വെബ് സൈറ്റ്: www.joinindianarmy.gov.in

### ഇന്ത്യൻ നേവി

പത്താംക്ലാസ് ജയിച്ചവർക്ക് മെട്രിക് റിക്രൂട്ട് ആയി നേവിയിൽ ചേരാം

പ്രായ പരിധി : 17 -20 വയസ്സ്,

ഉയരം : 157 സെ.മീ.
മികച്ച ശാരീരിക ക്ഷമത

വെബ് സൈറ്റ്: www.joinindiannavy.gov.in

### ക്ലർക്ക്

പത്താം ക്ലാസ്സ് യോഗ്യതയുള്ളവർക്ക് കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ക്ലാർക്ക് തസ്തികയിലേക്ക് അവസരങ്ങളുണ്ട്. സ്ഥാന കയറ്റം വഴി ഡെപ്യൂട്ടി കളക്ടർ തസ്തിക വരെ എത്താൻ സാധിക്കും.

18-36 പ്രായപരിധിയിലുള്ളവർക്ക് കേരള പി.എസ്.സി മുഖേനയാണ് അപേക്ഷിക്കേണ്ടത്. നിയമാനുസൃത വയസ്സിളവ് ബാധകം

വെബ് സൈറ്റ്: www.keralapsc.gov.in

### വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

കേരള സർക്കാർ ഗ്രാമ വികസന വകുപ്പിലെ ഈ തസ്തികയ്ക്ക് 18-36 പ്രായപരിധിയിലുള്ളവർക്ക് പി.എസ്.സി. മുഖേന അപേക്ഷിക്കാം. പത്താം ക്ലാസ് 40% മാർക്കോടെ ജയിച്ചിരിക്കണം.

വെബ് സൈറ്റ് : www.keralapsc.gov.in

### ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ്

ഏഴാം ക്ലാസ് യോഗ്യതയുള്ളവർക്ക് അയക്കാവുന്ന സംസ്ഥാന സർക്കാർ വകുപ്പുകളിലെ തസ്തികയാണിത്. 18 - 36 പ്രായപരിധിയിലുള്ള ബിരുദധാരികൾ അല്ലാത്തവർക്ക് പി.എസ്.സി മുഖേന പരീക്ഷയ്ക്ക് അപേക്ഷിക്കാം.

വെബ് സൈറ്റ് : www.keralapsc.gov.in

### മൾട്ടി ടാസ്കിംഗ് അസിസ്റ്റന്റ്

കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിൽ മൾട്ടി ടാസ്കിംഗ് അസിസ്റ്റന്റായി നിയമിക്കപ്പെടുന്നതിന് 18-25 പ്രായപരിധിയിലുള്ള പത്താം ക്ലാസ് വിജയികൾക്ക് അപേക്ഷിക്കാം. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന പരീക്ഷ വഴിയാണ് നിയമനം.

വെബ് സൈറ്റ് : www.ssc.nic.in

കേരള പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് 3 വർഷവും ഭിന്നശേഷിക്കാരിൽ അന്ധർ, ബധിരർ എന്നിവർക്ക് 15 വർഷവും അസ്ഥിവൈകല്യമുള്ളവർക്ക് 10 വർഷവും നിയമാനുസൃത വയസ്സിളവ് ലഭിക്കുന്നതാണ്.

**വിശദ വിവരങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭിക്കുന്നു**

## ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം

| | |
|---|---|
| തിരുവനന്തപുരം | 0471 - 2476713 |
| കൊല്ലം | 0474 - 2746789 |
| പത്തനംതിട്ട | 0468 - 2222745 |
| ആലപ്പുഴ | 0477 - 2230622 |
| കോട്ടയം | 0481 - 2560413 |
| ഇടുക്കി | 04868 - 272262 |
| എറണാകുളം | 0484 - 2422458 |
| തൃശ്ശൂർ | 0487 - 2331016 |
| പാലക്കാട് | 0491 - 2505204 |
| മലപ്പുറം | 0483 - 2734904 |
| കോഴിക്കോട് | 0495 - 2370179 |
| വയനാട് | 0493 - 6202534 |
| കണ്ണൂർ | 0497 - 2700831 |
| കാസർകോട് | 0499 - 4255582 |

## യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ

| | |
|---|---|
| കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം | 0471 - 2304577 |
| മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം | 0481 - 2731025 |
| കൊച്ചിൻ യൂണിവേഴ്സിറ്റി, എറണാകുളം | 0484 - 2576756 |
| ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി, കാലടി | 0484 - 2464498 |
| കേരള കാർഷിക യൂണിവേഴ്സിറ്റി, മണ്ണുത്തി | 0487 - 2371579 |
| കാലിക്കറ്റ് യൂണിവേഴ്സിറ്റി, കോഴിക്കോട് | 0494 - 2405540 |
| കണ്ണൂർ യൂണിവേഴ്സിറ്റി, കണ്ണൂർ | 0497 - 2703130 |

## കരിയർ ഡെവലപ്പ്മെന്റ് സെന്റർ

| | | | |
|---|---|---|---|
| നെയ്യാറ്റിൻകര | 0471 - 2222548 | ചിറ്റൂർ | 0492 - 3223297 |
| പാലോട് | 0472 - 2840480 | പേരാമ്പ്ര | 0496 - 2615500 |
| കായംകുളം | 0479 - 2442502 | | |

website: www.employment.kerala.gov.in


# നൈപുണ്യ പരിശീലനത്തോടൊപ്പം മികച്ച തൊഴിലസവസരങ്ങളും!

**Join us in propelling Kerala towards a new era of employability and success!**

Department of Labour and Skills
Government of Kerala




### EMPLOYMENT ENHANCEMENT PROGRAM (SKILL & CAREER GUIDANCE CENTRES)

KAUSHAL KENDRAS
EMPLOYABILITY CENTRES
CAREER DEVELOPMENT CENTRES




### INDIAN INSTITUTE OF INFRASTRUCTURE AND CONSTRUCTION – IIIC

An ideal avenue for those aspiring to become CAD experts, supervisors or site managers, IIIC offers high-end courses in construction, engineering & management and skill training for trades like masonry, carpentry, plumbing etc.

### KERALA STATE JOB PORTAL

Fully Automated centralized platform where employers and employees meet. A one-stop-destination for all job seekers in Kerala! Log on to: www.statejobportal.kerala.gov.in




### KERALA STATE INSTITUTE OF DESIGN

Established for the purpose of creating a vibrant design community in Kerala, providing Diplomas in integrated lifestyle product design, IT integrated communication design and Integrated textile and apparel design




### CENTRES OF EXCELLENCE

Advanced Skill Training Centres Focusing on Global Placements and Competency

**SECTOR**

SECURITY, TEACHING, OIL & RIG, NURSING, CONSTRUCTION, WASTE WATER & WATER TREATMENT

### ACCREDITATION*

Reputed skill training institutions associate with KASE so as to enhance their reach and acceptance. Join us as an accredited institution and reap the benefits!

**SECTOR**

TOURISM & HOSPITALITY, MECHANICAL/CIVIL CONSTRUCTION, AYURVEDA, FINANCIAL SERVICES, ENGINEERING, MECHANICAL CONSTRUCTION, MULTIMEDIA, INDUSTRY AUTOMATION, SPORTS MANAGEMENT, TRAINING OF TRAINERS

KASE
KERALA ACADEMY FOR SKILLS EXCELLENCE
Skill Development Mission of Government of Kerala

**KERALA ACADEMY FOR SKILLS EXCELLENCE (KASE)**

3rd Floor, Carmel Tower, Vazhuthacaud, Thiruvananthapuram - 695 014 P: +91 471 2735949, +91 471 2735856, E: kase.kerala@gmail.com


Printed at Kerala State C-apt, Tvpm-13, Ph. 0471 2365678